# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണീട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി6)67/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം (പി6)67/23 തീയ്യതി: 31/03/2023

## എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

2. റസിയ ബീവി ജെ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

3. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

4. മേഴ്സി കെ.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസഫ് വി.ജെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സീജ ജോസഫ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ കെ.എൻ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| സൗമ്യ ജി | അസി. എൻജിനിയർ | 01-04-2021 | 28-09-2021 |
| ദിവ്യ ഭൂപേഷ് | അസി. എൻജിനിയർ | 29-09-2021 | 31-03-2022 |
| ആഭരാജ് | കൃഷി ഓഫീസർ | 01-04-2021 | 25-09-2021 |
| മേരി മോൾ | കൃഷി ഓഫീസർ | 26-09-2021 | 31-03-2022 |
| ഡോ.വിപിൻ മോഹൻ റ്റി.എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ.ഷീബ തോമസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു.ബി.പണിക്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ബിന്ദു തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 20-11-2021 |
| ഷൈല കെ കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-11-2021 | 31-03-2022 |
| ബേബി കെ.സി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശിവൻ കെ.കെ | വി.ഇ.ഒ(ഏഴക്കരനാട്) | 01-04-2021 | 27-10-2021 |
| ഒഴിവ് | വി.ഇ.ഒ(ഏഴക്കരനാട്) | 28-10-2021 | 31-03-2022 |
| ലിൻഡ ഡിക്രൂസ് | വി.ഇ.ഒ(മണീട്) | 01-04-2021 | 31-03-2022 |
| ജയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.രഞ്ജിത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 23-11-2021 |
| ഡോ.സഫ്ന ഐസക് | വെറ്ററിനറി സർജൻ | 23-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | രസീത് ഉപയോഗത്തിലെ അപാകതകൾ | 1-11 |
| 13 | ബാങ്ക് അക്കൌണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-12 |
| 14 | തൊഴിൽ നികുതി പിരിവ് | 1-13 |
| 15 | വസ്തുനികുതി നിർണ്ണയം - അപാകതകൾ | 1-14 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് - യന്ത്രങ്ങൾക്കുള്ള ഫീസീടാക്കിയതിലെ അപാകതകൾ | 1-15 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് - ഫീസീടാക്കുന്നതിലെ അപാകതകൾ | 1-16 |
| 18 | കെട്ടിടവാടക - സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിംഗ് അപാകതകൾ. | 1-17 |
| 19 | പി.എം.എ.വൈ (എസ്.സി വിഭാഗം)- ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗവിവരങ്ങളില്ല | 1-18 |
| 20 | വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി | 1-19 |
| 21 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ, ഉപകരണങ്ങൾ വാങ്ങൽ - നടപടികൾ സുതാര്യമല്ല. | 1-20 |
| 22 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-21 |
| 23 | സംയുക്ത പദ്ധതികളുടെ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |

| | | |
|---|---|---|
| 24 | മരുന്നുകൾ ലഭിച്ചില്ല | 1-23 |
| 25 | തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-24 |
| 26 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി – ബാധകമല്ലാത്ത ജി.എസ്.ടി. നൽകി. | 1-25 |
| 27 | 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല | 1-26 |
| 28 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-27 |
| 29 | ജലജീവൻ മിഷൻ :ഉപഭോക്തൃ വിഹിതം അധികം പിരിവു നടത്തി | 1-28 |
| 30 | റിവർ മാനേജ്മെന്റ് ഫണ്ട് | 1-29 |
| 31 | പൊതു ടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക | 1-30 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ | 1-31 |
| 33 | കുടിവെള്ള വിതരണം | 1-32 |
| 34 | ഫയൽ ഹാജരാക്കിയില്ല, 68477/-രൂ തടസ്സപ്പെടുത്തുന്നു | 1-33 |
| 35 | കുന്നത്തുമറ്റം കോളനി കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 36 | മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ | 1-35 |
| 37 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 1-36 |
| 38 | അസെറ്റ് മാനേജ്മെന്റ് | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.2.2021 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു.
1)ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 18,24,74,000 | 7,61,47,658 |
| ചെലവ് | 17,95,35,500 | 7,73,66,319 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്ക പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. NREGS, ക്ഷേമ പെൻഷൻ തുകകൾ ഉൾപ്പെടുത്തിയാൽ പോലും അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.7.2022 |

### 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

മണീട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.
1) B4 ഷെഡ്യൂൾ പ്രകാരം Joint Venture Projects - Block Panchayath, ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരുപ്പ് തുകകൾ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

2) 2021 മാർച്ച് മാസത്തെ വെള്ളക്കരം ഉൾപ്പെടെ 2,23,66,671/- രൂപയാണ് പഞ്ചായത്തിന്റെ വെള്ളക്കരമിനത്തിൽ കുടിശികയുള്ളത്. എന്നാൽ 2020-21 വാർഷിക കണക്കുകളിൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

3) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ (Other Liabilities) 350300107 ഹെഡ്ഡിൽ (Govt. & Other Dues Payable - River Management Fund ഇനത്തിൽ) കാണിച്ചിട്ടുള്ള 21,23,406 /- രൂപയുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കിയില്ല .

4) സഞ്ചയ പ്രകാരമുള്ള വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല .

5) സർവീസ് സെസ് (Arrear) മുൻവർഷ കുടിശ്ശിക, മുൻ വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

6) ലൈബ്രറി സെസ് ഓഡിറ്റ് വർഷം പൂർണ്ണമായും അടവാക്കിയിട്ടില്ല.

7) CGST, SGST ഇനത്തിൽ മുൻവർഷ കുടിശ്ശിക, തൻവർഷം വരവായതും അടവാക്കിയതുമായ തുകകളും B-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

8) NREGS, സാക്ഷരതാ പ്രേരക് ഓണറേറിയം എന്നിവയ്ക്കായി മുൻകൂർ നല്കിയ തുകയും റീ-ക്ലപ്പ് ചെയ്ത തുകയും B-18 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9) CFC ഫണ്ട് ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളോടൊപ്പം പലിശ ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.
10) B7 ൽ റെന്റ് ഡെപ്പോസിറ്റ് 12,140/-രൂപയാണ്. എഗ്രിമെന്റുകൾ പ്രകാരം 25,000/- രൂപ വീതം അടവാക്കിയിട്ടുള്ളതായി കാണുന്നുണ്ട്.
തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ പരിഹരിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടതാണ് (ഇത് സംബന്ധിച്ച് 10.01.2023ൽ 13ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മേൽസൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല).

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,77,42,534.05 |
| വരവ് | 7,61,47,658.00 |
| ആകെ | 9,38,90,192.05 |
| ചെലവ് | 7,73,66,319.00 |

| | |
|---|---|
| നീക്കിയിരുപ്പ് | 1,65,23,873.05 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2028726.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 8554834 | 8554834 | 8422791 | | 132043 |
| വികസനഫണ്ട് – SCP | | 7277836 | 7277836 | 7057666 | | 220170 |
| വികസനഫണ്ട് – TSP | | 6900 | 6900 | 0 | | 6900 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied) | | 1818000 | 1818000 | 1818000 | 0 | |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied-Unspent) | | 184100 | 184100 | 280828 | | (-96728) |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | | 2726000 | 2726000 | 2469056 | 189071+ 67873 | |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied-Unspent) | | 2872290 | 2872290 | 980797 | 0 | 1891493 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 16686000 | 16686000 | 16667442 | | 18558 |
| മെയിന്റനൻസ്ഗ്രാന്റ് -റോഡിതരം | | 4958597 | 4958597 | 4483752 | | 474845 |
| ദുരിതാശ്വാസനിധി (311100101) | 150325 | 6052(പലിശ) | 156377 | 0 | 156377 | |
| Total Sanitation Campaign (320100115) | 237997 | 130000 | 367997 | 130000 | 237997 | |
| ICDS (320100121) | 658662 | 472270 | 1130932 | 600000 | 530932 | |
| NPRPD (320100127) | 200000 | | 200000 | 0 | 200000 | |
| Alopathy (320200206) | 0 | 300000 | 300000 | 150000 | 150000 | |
| ആയുർവേദ ഡിസ്പെൻസറി നവീകരണം (320200207) | 632383 | 0 | 632383 | 630486 | 1897 | |
| വിമുക്തി (320200301) | 27750 | 0 | 27750 | 0 | 27750 | |
| സാക്ഷരത (320200309) | 1726 | 48 | 1774 | 0 | 1774 | |
| ശുചിത്വമിഷൻ (320200322) | 491030 | 368467 | 859497 | 859497 | 0 | |
| ആരോഗ്യകേരളം (320200399) | 617633 | 0 | 617633 | 64609 | 553024 | |
| സമ്പൂർണ്ണശുചിത്വം (320300103) | 425111 | 464030(പലിശ ഉൾപ്പെടെ) | 889141 | 0 | 889141 | |
| കേരളോത്സവം, കില(320300199) | 421738 | 11285 | 433023 | 11285 | 421738 | |
| ലൈഫ് സംസ്ഥാന | 4380000 | 0 | 4380000 | 3340000 | 1040000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| വിഹിതം (320400199) | | | | | | | |

(1) Appropriation Control Register പ്രകാരമുള്ള തുകയാണ് ഫണ്ടുകളുടെ വരവായി ചേർത്തിട്ടുള്ളത്.വിവിധ ഫണ്ടുകളിൽ നിന്നും ഉദ്ഭവത്തിൽ കുറവ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

(I) വികസനഫണ്ട്(ജനറൽ) 1331266/-(ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 586666/- , അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ഈടാക്കിയ തുക 744600/-)

(II) വികസനഫണ്ട്(SCP) 205334 /- (ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പട്ടികജാതി)

(2) ധനകാര്യകമ്മീഷൻ അവാർഡ് (Untied) ൽ നിന്നും അധികമായി ചെലവുചെയ്ത തുക 96728/- രൂപ ധനകാര്യകമ്മീഷൻ അവാർഡ്(Tied) ഗ്രാന്റിൽ നിന്നും അധികമായി ചെലവഴിച്ചു. റിക്വിസിഷൻ നല്കിയ തുക എല്ലാം ചെലവഴിക്കാത്തതിനാൽ ACR Balance മായി പൊരുത്തപ്പെടുന്നില്ല.

(3) ACR പ്രകാരം ധനകാര്യകമ്മീഷൻ അവാർഡ് (Untied) ഗ്രാന്റ് തുക നീക്കിയിരുപ്പ് ഇല്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 67873/- നീക്കിയിരുപ്പ് തുകയായി ചേർത്തിട്ടുണ്ട്.

(4) ധനകാര്യകമ്മീഷൻ അവാർഡ് Bank Account Balance : 31,87,051/- രൂപയാണ്. ബാങ്ക് ബുക്ക് പ്രകാരം 2,56,944/-രൂപ. 29,30,107/-പണമാക്കാത്ത ചെക്കുകളാണ്.
(5) എല്ലാ ഫണ്ടുകളുടെയും ACR പ്രകാരമുള്ള ചെലവ് RP7 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. അപാകതകളുള്ള ബില്ലുകൾ ക്യാൻസൽ ചെയ്യാതിരുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ഇക്കാര്യം കുറിപ്പായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
(6) മറ്റ് ഫണ്ട് വരവുകൾ ഉൾപ്പെടെയുള്ള വരവാണ് ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 77565784 | 163 | 57855224 | 0 | 22 | 88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2949 | 589314 | 592263 | 592229 | 34 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 24223979 | 24223979 | 24223979 | |
| ആകെ | 2949 | 24813293 | 24816242 | 24816208 | 34 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4959600 | 343 |
| വിധവാപെൻഷൻ | 9613400 | 636 |
| വാർദ്ധക്യകാലപെൻഷൻ | 23594300 | 1882 |
| വികലാംഗപെൻഷൻ | 3468000 | 224 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 802800 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,760/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.
1) പഞ്ചായത്തിന്റെ തനത് വരുമാനം തുലോം കുറവായ സാഹചര്യത്തിൽ തനത് വരുമാനത്തിന്റെ ഈടാക്കലുകളിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഉദാ- ലൈസൻസികൾ നല്കുന്ന അപേക്ഷകൾ പലതും അപൂർണ്ണമാണ്. ലൈസൻസ് നമ്പർ, മൂലധന വിവരങ്ങൾ, തൊഴിലാളികളുടെ എണ്ണം ഇവ രേഖപ്പെടുത്തുന്നില്ല. തന്മൂലം ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല. കമ്മറ്റി തീരുമാനം പ്രകാരം 500/- രൂ നിരക്കിൽ ലൈസൻസ് ഈടാക്കുന്നതിന് തീരുമാനം ഉണ്ടെങ്കിലും പലതിലും അതിൽ കുറവായ തുകയാണ് ഈടാക്കുന്നത്.
2) ലൈസൻസ് ഇല്ലാതെ ക്വാറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.
3) സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4) വാടക രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതാണ്.
5) കെട്ടിടവാടക - സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിംഗ് അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2022 | 31.3.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2016 | 2010-11 മുതൽ 2014-15വരെ | 11.4.2016 |

## 1-11 രസീത് ഉപയോഗത്തിലെ അപാകതകൾ

1. അസിസ്റ്റൻറ് എഞ്ചിനീയർ ഉപയോഗിച്ച രസീതുകളിൽ കളക്ട് ചെയ്ത തുകയെക്കാൾ കുറഞ്ഞ തുകയാണ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിരിക്കുന്നത്

വിശദവിവരം ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പറുകൾ | കളക്ട് ചെയ്ത തുക | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 63442 | 13 - 25 | 9786.00 | 9698.00 ( Rt.no. 121030100844/10.09.21) | 88.00 |

വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ( എൻക്വയറി നം. 6/10.01.2023) മേൽ രസീതുകളിൽ 01. 08/2021 മുതൽ നിർത്തലാക്കിയിരുന്ന ഫ്ലഡ് സെസ് ഈടാക്കിയതാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്. ടി തുകകൾ ഫ്രണ്ട് ഓഫീസിൽ അടവാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായതിനാൽ ബന്ധപ്പെട്ട കരാറുകാർക്ക് തിരിച്ച് നൽകിയിട്ടുണ്ട് എന്ന് അസിസ്റ്റൻറ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ രസീത് ക്യാൻസൽ ചെയ്ത് ശരിയായ തുകയുള്ള രസീത് എഴുതുകയാണ് വേണ്ടത്. അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
2. 2021-22 സാമ്പത്തിക വർഷം അസിസ്റ്റൻറ് എഞ്ചിനീയർക്ക് നൽകിയിരുന്ന 63442 എന്ന നമ്പരിലെ രസീത് ബുക്കിനു ശേഷം 2022-23 സാമ്പത്തികവർഷത്തേക്കുള്ള ഉപയോഗത്തിനായി 27.08.2022 ൽ 4205 എന്ന ബുക്ക് നൽകിയിട്ടുണ്ട്. ആയതിൽ നിന്ന് (4205) നാല് രസീതുകൾ 27.08.2022 ൽ ഉപയോഗിച്ചതിനുശേഷം 63442 എന്ന നമ്പരിലെ രസീത് ബുക്കിൽ നിന്നും 01.12.2022ൽ 47, 48 എന്നീ രണ്ട് രസീതുകൾ ഉപയോഗിച്ച് പണം പിരിവ് (395 + 395= 790) നടത്തിയതായി കാണുന്നു. ആയതിന്റെ തുക അടവാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാനും രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ധാരണ ഇല്ലാത്തിനാൽ അബദ്ധവശാൽ ടി രസീതുകൾ ഉപയോഗിച്ചതാണെന്നും അപാകതകൾ മനസ്സിലാക്കിയതിനെത്തുടർന്ന് പകർപ്പ് തിരികെ വാങ്ങി

ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്നും പകരം ശരിയായ രസീത് ബുക്ക് ഉപയോഗിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
സാമ്പത്തിക വർഷാവസാനം രസീത് ബുക്കിലെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കാതിരിക്കുന്നതിനാലാണ് ഇപ്രകാരം അപാകതകൾ സംഭവിക്കുന്നത്. വിഷയം മനസ്സിലാക്കി അപാകത ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. 2022-23 സാമ്പത്തികവർഷത്തേക്കുള്ള ഉപയോഗത്തിനായി രസീത് ബുക്കുകൾ നൽകുമ്പോൾ 2021-22 സാമ്പത്തിക വർഷം നൽകിയിരുന്നതിൽ അവശേഷിക്കുന്നവ ക്യാൻസൽ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരുന്നോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥർക്കു നൽകുന്ന രസീതുകളുടെ കാര്യത്തിൽ അപാകതകൾ സംഭവിക്കാതിരിക്കുന്നതിന് ആവശ്യമായ മേൽനോട്ടം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. (2021-22 സാമ്പത്തിക വർഷം വി. ഇ. ഒ. ഉപയോഗിച്ച രസീതിലും ഇപ്രകാരം മുൻവർഷത്തെ രസീതുകൾ ഉപയോഗിച്ചതായി കണ്ടിരുന്നു.)

## 1-12 ബാങ്ക് അക്കൌണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

താഴെപ്പറയുന്ന ഹെഡുകളിലെ ബാങ്ക് അക്കൌണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(I) ഹെഡ്-450210102

(II) ഹെഡ്-450230101

(III) ഹെഡ്-450230102

(IV) ഹെഡ്-450230103

(V) ഹെഡ്-450250110

(VI) ഹെഡ്-450430101

(VII) ഹെഡ്-450430102

(VIII) ഹെഡ്-450430103

(IX) ഹെഡ്-450450101

(X) ഹെഡ്-450450109

വാർഷിക ധനകാര്യ പത്രിക പ്രകാരം മേൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിൽ സീറോ ബാലൻസാണ് ചേർത്തിട്ടുള്ളതെങ്കിലും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ ബാലൻസ് സംബന്ധിച്ച കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-13 തൊഴിൽ നികുതി പിരിവ്

1) ഗ്രാമപഞ്ചായത്തിലെ 2021-22 ലെ ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തൊഴിൽ നികുതി പിരിവ് പരിശോധിച്ചതിൽ, ലൈസൻസ് അപേക്ഷകളിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള എണ്ണം ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 11/10.01.2023) മറുപടി ലഭ്യമാക്കിയില്ല.

വിശദവിവരം ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് /ലൈസൻസ് അപേക്ഷ ക്രമ നം. | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | വ്യത്യാസം/ റിമാർക്സ് |
|---|---|---|---|---|
| 1 | TBN Publishing P.Ltd. “The Hindu” (3) | 65 | 33 | 32 |
| 2 | ബിനിൽജോ പീററ് (14)<br>മാവേലി സ്റ്റോർ | 3 | - | 3 |
| 3 | പ്രകാശ് മെറ്റൽ ഇൻഡസ്ട്രീസ് (15) | 6 | - | 6 |
| 4 | ജെ. പി. എഞ്ചിനീയറിംഗ് ( 19) | 20 | 9 | 11 |

| | | | | |
|---|---|---|---|---|
| 5 | Ablaze Agencies ( 20) | 7 | - | 7 |
| 6 | മേരിമാതാഗ്രാനൈറ്റ്സ്(22) | 9 | - | 9 |
| 7 | രാംകോ സിമൻറ്സ് ലി. (27) | 1 | - | 1 |
| 8 | സാറ റബ്ബേഴ്സ് (28) | 5 | - | 5 |
| 9 | Cube Company ( 39) | 7 | - | 7 |
| 10 | ഹബിന പേപ്പർ പ്രൊഡക്ട്സ് (82) | 5 | - | 5 |
| 11 | ജീവർ ടെക് സൊല്യൂഷൻസ് ( 86) | 4 | - | 4 |
| 12 | അംബുജ സിമന്റ്സ് ലി.(125) | 1 | - | 1 |
| 13 | ACC Ltd (126) | 1 | - | 1 |
| 14 | അൾട്രാ ടെക് സിമന്റ്സ് ( 127) | 1 | - | 1 |
| 15 | ഹൈകോൺസ് ഡിസൈനർ പേവേഴ്സ് (133) | 5 | - | 5 |
| 16 | ആഷിയാന റിഹാബിലിറ്റേഷൻ സെന്റർ ( 138) | 6 | 5 | 1 |
| 17 | സ്വാശ്രയ ട്രെയ്നിംഗ് & റിഹാബിലിറ്റേഷൻ സെന്റർ ( 139) | 5 | - | 5 |
| 18 | R.M. Rock & Sand P. Ltd.(170) | 6 | - | 6 |
| 19 | ജീജേ പ്ലാറ്റിനം ഭാരത് ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ് (175) | 1 | - | 1 |
| 20 | Ezra Indane Gramin Vitrak (199) | 4 | - | 4 |
| 21 | മണീട് ഫ്യൂവൽസ് (112) | രേഖപ്പെടുത്തിയിട്ടില്ല ലഭ്യമാക്കേണ്ടതാണ്. | - | അപേക്ഷയിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താതെ ലൈസൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |
| 22 | ഇൻസൈറ്റ് മീഡിയ സിറ്റി (171) | രേഖപ്പെടുത്തിയിട്ടില്ല | 88 | “ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്ന് ആയത് ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 5 കോൺട്രാക്ടർമാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ ഇവരെ കൂടാതെ താഴെ പറയുന്ന കോൺട്രാക്ടർമാരും എഗ്രിമെന്റ് രജിസ്ററർ പ്രകാരം, കരാർ ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട്. ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | കെ. കെ. ജോർജ്ജ് |
| 2 | കെ. എം. സണ്ണി |
| 3 | പി.സി. ജോർജ്ജ് |
| 4 | സുരേഷ് കുമാർ |
| 5 | പി.കെ. ചാക്കോ |

| | |
|---|---|
| 6 | സാബു ആർ. |
| 7 | ജോയ് വി.യു. |

എഗ്രിമെന്റ് രജിസ്റ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി രേഖപ്പെടുത്തിയിട്ടുണ്ട്. ജോലി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/10.01.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ 60 ദിവസത്തിലധികം ജോലി ചെയ്തിട്ടുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം - അപാകതകൾ

മണീട് ഗ്രാമ പഞ്ചായത്തിൽ 100 ച. മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50/- രൂപ നിരക്കിലും ആണ് നികുതി നിശ്ചയിച്ചിരിക്കുന്നത് (Rate Settings). വാണിജ്യാവശ്യത്തിനുള്ളതും വിസ്തീർണ്ണം 100 ച.മീ. ൽ കൂടുന്നതുമായ ചില കെട്ടിടങ്ങൾ സഞ്ചയയിൽ, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | REJI C V,ALEXY THOMAS | 3/165/A | 177.1 |
| 2 | SHERIN P. JOHN | 8/228/ | 185 |
| 3 | Abesh John | 8/230/ | 156 |
| 4 | KURIAN V. ISSAC | 8/236/ | 180 |
| 5 | SECRETARY | 10/360/ | 520 |
| 6 | Joy Prasad And Martin Varghese | 11/133/ | 111.79 |
| 7 | Dhileep Abraham | 12/158/ | 120 |

100 ച. മീറ്ററിനു മുകളിലുള്ള 7 കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തി 30 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. നിലവിൽ ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമല്ല. താഴെ ചേർത്തിരിക്കുന്ന വിധത്തിലാണ് സഞ്ചയ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഇത് ആശയക്കുഴപ്പത്തിനു കാരണമാകുന്നു.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/ 11.01.2023) മറുപടി ലഭ്യമാക്കിയില്ല.
ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയത് സഞ്ചയയിൽ വ്യക്തമാക്കേണ്ടതാണ്. ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിന്റെ വിവരങ്ങൾ കൃത്യമായി സഞ്ചയയിൽ ചേർക്കാതിരിക്കുന്നതിനും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങളെ 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വാണിജ്യാവശ്യത്തിനുള്ള നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ബാധകമായവ) ആയത് പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

നിലവിലെ നികുതി നിർണ്ണയത്തിനുശേഷം ഇവയിൽ ഘടനാ പരമായ മാറ്റം വരുത്തിയവയ്ക്ക് പുതിയ നിരക്കിൽ നികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്നും സ്ഥലപരിശോധന നടത്തി തറവിസ്തീർണ്ണം, ഘടന എന്നിവയുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് 100 ച. മീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ അതേ ഗണത്തിൽത്തന്നെ

പെടുത്തി വർദ്ധനവിനുള്ള പരിമിതികൾ ബാധകമായവ ആ രീതിയിൽ രേഖപ്പെടുത്തി സഞ്ചയയിൽ നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് - യന്ത്രങ്ങൾക്കുള്ള ഫീസീടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ 1996ലെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട ഫീസ് പല സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഫീസീടാക്കിയ മേരി മാത്യു, കണ്ണങ്ങയത്ത് ജെ.പി. എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രശക്തിക്കനുസരിച്ച് ഒടുക്കേണ്ട പട്ടിക III പ്രകാരമുള്ള ഫീസാണ് വാങ്ങിയിട്ടുള്ളത്. അപേക്ഷ പ്രകാരം സ്ഥാപനത്തിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രങ്ങളുടെ ഹോഴ്സ്പവർ 135 ആണ്. എന്നാൽ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള യന്ത്രങ്ങളുടെ സ്റ്റാൻഡ് ബൈ കപ്പാസിറ്റിയായ 62.50 KV (85 HP) കണക്കിലെടുക്കാതെയുള്ള യന്ത്രശക്തിക്കുള്ള ഫീസ് മാത്രമാണ് സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുള്ളത്. പട്ടിക III പ്രകാരം 100 HP ലധികം കപ്പാസിറ്റിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നവർക്കുള്ള ലൈസൻസ് ഫീസ് പ്രതിവർഷം 2000 രൂപയായിരിക്കെ 100 HPക്ക് താഴെ ബാധകമാകുന്ന 500 രൂപ നിരക്കിലാണ് ഫീസീടാക്കിയത്. അപേക്ഷക 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസാണ് ഒരുമിച്ച് ഒടുക്കിയതെന്നതിനാൽ അഞ്ച് വർഷത്തെ മോട്ടാർ ഫീസിനത്തിൽ മാത്രം 7500 രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷക | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|
| മേരി മാത്യു, കണ്ണങ്ങയത്ത് ജെ.പി. എഞ്ചിനീയറിംഗ് | 2000 X 5 = 10000 | 500 X 5 =2500 | 7500 |

ഇപ്രകാരം ഒരു സ്ഥാപനത്തിന്റെ ലൈസൻസ് ഫീസിനത്തിൽ മാത്രം 7,500/- രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.07/10.01.2023). മേൽ സ്ഥാപനത്തിൽ നിന്നും കുറവായി ഈടാക്കിയ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് - ഫീസീടാക്കുന്നതിലെ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം തദ്ദേശ പരിധിയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക II അനുസരിച്ചുള്ള ഫീസ് തദ്ദേശസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ചട്ടം 17,18 എന്നിവ പ്രകാരം ആവിശക്തിയോ യന്ത്രശക്തിയോ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ അവയ്ക്ക് പ്രത്യേക അപേക്ഷയും പട്ടിക III / IV അനുസരിച്ചുള്ള വാർഷിക ഫീസും നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം വലിയ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് സ്ഥാപിച്ചിരിക്കുന്ന യന്ത്രശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് വാങ്ങുന്നതിലൂടെയും കൂടുതൽ യന്ത്രശക്തി ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീസ് വാങ്ങാതെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് വാങ്ങുന്നതിലൂടെയും വരുമാന നഷ്ടം വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇൻസൈറ്റ് മീഡിയ സിറ്റി എന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പമുള്ള രേഖകളിൽ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം 997 ലക്ഷം രൂപയാണ്. ഇതനുസരിച്ച് ഈ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ ഫീസ് 10,000/- രൂപയാണ്. അതേ സമയം സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം ഈ സ്ഥാപനം ഉപയോഗിക്കുന്ന യന്ത്രശക്തി 875 KVA (1190 HP) യാണ്. ഇത് പ്രകാരം 11,910/- രൂപ സ്ഥാപനം യന്ത്രശക്തി പ്രകാരം ഫീസ് നൽകേണ്ടതാണ്. ഈയിനത്തിൽ പ്രതിവർഷം 1,910/- രൂപയുടെ വരുമാന കുറവ് സംഭവിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് ഈ വിധമുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-17 കെട്ടിടവാടക - സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിംഗ് അപാകതകൾ.

ഗ്രാമപഞ്ചായത്തിലെ കെട്ടിടവാടക പിരിവ് സംബന്ധിച്ച് താഴെ പറയും പ്രകാരം അപാകതകൾ ഉള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/11.01.2023) മറുപടി ലഭ്യമാക്കിയത് പരിഗണിച്ചാണ് പരാമർശം ചേർത്തിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ 2021-22 വാടക രജിസ്റ്ററിലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് (ഡിമാന്റ് കളക്ഷൻ

ബാലൻസ്) പ്രകാരം മുഴവൻ ഡിമാന്റ് തുകയും (99330/- രൂപ) പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-43) Rent Receiveble Form Buildings ( Current) Code 431400101 വരവ് 68860/- രൂപയാണ്. വ്യത്യാസം 30470/- . ടി തുക ശ്രീ. പി.സി. വർഗീസ് പേരാമറ്റത്തിൽ എന്നയാളിൽ നിന്നും Room No. VI 358 - എന്ന കടമുറിയുടെ വാടകയിനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ക്രമീകരിച്ച് അടവാക്കിയിരിക്കുന്നതാണെന്നും പറയുന്നു.

ഇതിനായി 31.03.2022 ലെ വൗച്ചർ നമ്പർ 42100198 പ്രകാരം 30470/- രൂപ ജേണൽ ചെയ്ത് ക്രമീകരിച്ചതിൽ താഴെ പറയുന്ന രസീതുകൾ ചേർത്തിരിക്കുന്നു.

| ക്രമ നം. | രസീത് നം. തീയതി | തുക |
|---|---|---|
| 1 | 11/9397- 6.06.2005 | 5400.00 |
| 2 | 31/9397 – 13.06.2005 | 44600.00 |
| | ആകെ | 50,000.00 |

ഫയൽ രേഖകൾ പ്രകാരം മേൽ കടമുറിയുടെ 01.04.2021 ലെ എഗ്രിമെന്റ് പകർപ്പിൽ ആകെ 25,000/- രൂപ മാത്രമാണ് താഴെ പറയുന്ന രസീതുകൾ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി കാണുന്നത്.

| ക്രമ നം. | രസീത് നം. തീയതി | തുക |
|---|---|---|
| 1 | 57332/92-24.03.2007 | 3000.00 |
| 2 | 57340/17-29.03.2007 | 22000.00 |
| | ആകെ | 25000.00 |

ഇതു സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

1. എഗ്രിമെന്റ് പ്രകാരം 25,000/- രൂപ മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റായി രേഖപ്പെടുത്തിയിരിക്കേ 30,470/- രൂപ വാടകയിനത്തിൽ ക്രമീകരിച്ചത് എങ്ങനെയെന്ന് വിശദീകരിച്ചു പ്രകാരം യഥാർത്ഥത്തിൽ 50,000/- രൂപയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റെന്നും എഗ്രിമെന്റ് പ്രകാരം 25,000/- രൂപ എന്ന് ( ഷാജി കെ.ആർ. എന്നയാളുടെ രസീത് ) തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വാടക സംബന്ധിച്ച വിവരങ്ങൾ കൃത്യത ഇല്ലാതെയാണ് കൈകാര്യം ചെയ്യുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

2. മേൽ രസീതുകളുടെ പകർപ്പ് ആവശ്യപ്പെട്ടതനുസരിച്ച് ഹാജരാക്കി.
3. ഈ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ആയതിൽ നിന്ന് വാടക ക്രമീകരിച്ച വിവരം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നതിനും മറുപടി ലഭ്യമാക്കിയില്ല. വാടക ഡെപ്പോസിറ്റ് വിവരങ്ങൾ, ക്രമീകരിച്ചതും തിരിച്ചുനൽകിയതുമായ തുകകളുടെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി, ഓഡിറ്റിനായി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ “ Carry Forward” ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ആയത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട തുകയുമായി പൊരുത്തപ്പെടേണ്ടതുമാണ്.

4. മറ്റ് കടമുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ, വർഷം തോറുമുള്ള “ Carry Forward “ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
5. 2021-22 ഓഡിറ്റ് കാലയളവിൽ ആറ് കടമുറികൾ വാടകയ്ക്ക് നൽകിയിരുന്നവയുടെ എഗ്രിമെന്റ് രേഖകൾ പ്രകാരം 25000/-രൂപ വീതം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉള്ളതായി കാണുന്നു. ഈ തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ റെന്റ് ഡെപ്പോസിറ്റ് ആയി കാണേണ്ടതാണ്. 2021-22 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം റെന്റ് ഡെപ്പോസിറ്റ് 12140/- രൂപയാണ്. 07.06.2019 ലെ തീരുമാനം നമ്പർ 8 പ്രകാരം 1,45,000/- രൂപ റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ മുതൽക്കൂട്ടിയതായാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കാലഹരണപ്പെട്ട തുകകളാണ് ഇപ്രകാരം മുതൽക്കൂട്ടേണ്ടത്. എന്നാൽ നിലവിലുള്ള എഗ്രിമെന്റ് തുകകൾ മുതൽക്കൂട്ടുന്നത് അംഗീകരിക്കാവുന്നതല്ല. അക്കൗണ്ടിലെ അപാകത പരിഹരിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
6. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ ഉള്ള കെട്ടിടങ്ങളിൽ വാടക ഒഴിവാക്കിയവയിൽ ആയതിന് അടിസ്ഥാനമായ രേഖകൾ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വാടക ഈടാക്കേണ്ടതുമാണ്.
7. ഗ്രാമ പഞ്ചായത്തിലെ മാവേലിസ്റ്റോറിന് നികുതി ഒഴിവാക്കുന്ന കാലയളവ് കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയതിനു ശേഷമുള്ള കാലയളവിൽ നികുതി ഈടാക്കേണ്ടതാണ്.
8. സെക്യൂരിറ്റിയോ മതിയായ വാടകയോ ഇല്ലാതെ കൈവശം വെച്ചിട്ടുള്ള കടമുറികൾ സംബന്ധിച്ച വിവരങ്ങളും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ ഉള്ള കെട്ടിടങ്ങൾ സംബന്ധിച്ചും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
9. വാടകയിനത്തിൽ നഷ്ടം സംഭവിക്കാതെ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ പുനർലേലം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കടമുറികൾ ലേലം കൊണ്ടവർ തന്നെയാണ് ഉപയോഗിക്കുന്നതെന്ന് ആറുമാസത്തിലൊരിക്കലെങ്കിലും സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതുമാണ്. കടമുറികൾ കീഴ് വാടകയ്ക്ക് നൽകുന്നതും തുടർന്നുള്ള പ്രശ്നങ്ങളും കഴിഞ്ഞ വർഷങ്ങളിൽ സംഭവിച്ചത് ആവർത്തിക്കാതിരിക്കാനാണ് ഇത്തരത്തിൽ ഓഡിറ്റിൽ നിന്നും ഒരു നിർദേശം നൽകുന്നത്.

10. പഞ്ചായത്ത് വക മുതലുകൾ ലേലം ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ആയതും തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 പി.എം.എ.വൈ (എസ്.സി വിഭാഗം)- ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗവിവരങ്ങളില്ല

| | |
|---|---|
| പ്രോജക്ട് നം. | 213/2022 |
| അടങ്കൽ | 2,25,000/-( പ്ലാൻ ഫണ്ട് - SCP ) |
| ചെലവ് | 2,25,000/- (പ്ലാൻ ഫണ്ട് - SCP) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ., മണീട് |
| എൻക്വയറി നം./തീയതി | 20 / 11.01.2023 |

മണീട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പി.എം.എ.വൈ. (എസ്.സി. വിഭാഗം) വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 2,25,000/- രൂപ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (TRN No-211203000000011727 Dtd 26-03-2022). എന്നാൽ തുക കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതിന്റെയോ രേഖകളൊന്നും പരിശോധനക്ക് നൽകിയിട്ടില്ല. തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 2,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 വീട് വാസയോഗ്യമാക്കൽ-മൂല്യനിർണ്ണയപ്രകാരമുള്ളതിലും അധിക സഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 29/2022 |
| അടങ്കൽ | 14,25,000/- (പ്ലാൻ ഫണ്ട് - General) |
| ചെലവ് | 13,12,500/- (പ്ലാൻ ഫണ്ട് - General) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. മണീട് |

വി.ഇ.ഒ. മണീട് നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ ( ജനറൽ) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.തങ്കശശി, പാലക്കോട്ട് ലക്ഷംവീട്, മണീട് എന്ന ഗുണഭോക്താവിന് അറ്റകുറ്റപ്പണികൾക്കായി 37,500/- വീതം രണ്ട് തവണകളായി 75,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അക്കൗണ്ട് നം | ട്രഷറി റഫറൻസ് നം & തീയതി | UTR No | തുക |
|---|---|---|---|---|
| ശ്രീമതി തങ്കശശി, പാലക്കോട്ട് ലക്ഷംവീട് | 7578020 10000642 (Union Bank, Maneed) | 211203000000008192 Dtd 24.12.2021 | RBI 3622115735843 | Rs.37500/- |
| | | 211203000000008725 Dtd 07.01.2022 | RBI 0112249710010 | Rs.37500/- |
| ആകെ | | | | 75,000/- |

പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം വീടിന് നടത്തിയ അറ്റകുറ്റപ്പണികളുടെ ഭൗതികപരിശോധന നടത്തി 05/01/2022 ൽ നൽകിയ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 71,400/- രൂപയുടെ അറ്റകുറ്റപ്പണികൾ മാത്രമാണ് ഗുണഭോക്താവ് നടത്തിയിട്ടുള്ളത്. ഇത് പ്രകാരം 3,600/- രൂപ അധിക പദ്ധതി ധനസഹായം നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അധികം നൽകിയ 3,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ, ഉപകരണങ്ങൾ വാങ്ങൽ - നടപടികൾ സുതാര്യമല്ല.

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 2021-22 ൽ മാത്രം 16 പദ്ധതികൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായി 4 പദ്ധതികളും ഉപകരണങ്ങൾ വാങ്ങുന്നതിനായി മാത്രം 12 പദ്ധതികളുമാണ് നടപ്പിലാക്കിയത്. പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

01. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 ഖണ്ഡിക 2.3 (ബി,സി,ഡി) എന്നിവപ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തുകയും ബാധകമായ സമാഹരണരീതി പ്രകാരം വാങ്ങുന്നതിനും ഓഫീസ് ഫർണ്ണീച്ചർ,

ഉപകരണങ്ങൾ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപകരം ഒരേ പദ്ധതിയിൽപ്പോലും ആവശ്യങ്ങൾ പലതായി വിഭജിച്ച് പലതവണകളായി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം 5,000 രൂപ മുതൽ 25,000 രൂപവരെ ക്വട്ടേഷനിലൂടെയും 25,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. പഞ്ചായത്ത് നടപ്പാക്കിയ പല പദ്ധതികളിലും ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടവയിൽ ലിമിറ്റഡ് ടെണ്ടറും ലിമിറ്റഡ് ടെണ്ടറിന് പകരം ക്വട്ടേഷൻ വഴിയും ക്വട്ടേഷൻ ഇല്ലാതെയുമാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, പത്രപ്പരസ്യം നൽകി , അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ചാണ് ടെണ്ടർ വഴി സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു മൂലം ആവശ്യമുള്ള സാധനങ്ങൾ കൂടുതൽ വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിനുള്ള അവസരം ലഭ്യമായില്ല.

2. പ്രോജക്ട് നം 206, എച്ച്.എം.സി ലാബിലേക്ക് ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്ന പദ്ധതി പ്രകാരം 1,23,087/- രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ലാബിന് ആവശ്യമായ സാധനങ്ങൾക്ക് കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും ക്വട്ടേഷനോ ടെണ്ടറോ ഇല്ലാതെയാണ് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും 1,23,087/-രൂപയുടെ സാധനങ്ങൾ വാങ്ങിയത്. മാവേലി മെഡിക്കൽ സ്റ്റോർ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ ആവശ്യമായ സാധനങ്ങൾ ലഭ്യമായിരുന്നില്ല എന്ന വിവരവും ഉറപ്പാക്കിയിട്ടില്ല.

3. ആശുപത്രി ഇമ്മ്യൂണൈസേഷൻ റൂമിലേക്ക് എയർ കണ്ടീഷനർ വാങ്ങുന്ന പദ്ധതിക്കായി (പ്രോജക്ട് നം-145/22- S.O) കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1,63,629/- രൂപ മുൻകൂർ നൽകുകയും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 30/03/2021 ൽ 1.5 ടണ്ണിന്റെ 2 എയർ കണ്ടീഷനറുകളും 1 ടണ്ണിന്റെ ഒരു എയർ കണ്ടീഷനറും ഈ തുകക്ക് നൽകിയതിനുള്ള ഇൻവോയ്സ് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്കായി ആവശ്യപ്പെട്ട ഉപകരണങ്ങളുടെ എണ്ണമോ , സ്പെസിഫിക്കേഷനോ ലഭിച്ച എയർ കണ്ടീഷനറുകളുടെ ബ്രാൻഡ് നെയിം, ഇനം, വാറന്റി എന്നിവ പോലുള്ള അടിസ്ഥാനവിവരങ്ങളോ ലഭ്യമായിട്ടില്ല. മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും നൽകുന്ന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ജെം പോർട്ടൽ പോലുള്ള വാങ്ങൽ സങ്കേതങ്ങളും ടെണ്ടർ നടപടി ക്രമങ്ങളും ഒഴിവാക്കി വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകിയിട്ടില്ല,

4. ആശുപത്രിയിൽ ആർദ്രം മിഷൻ പ്രകാരം നടപ്പിലാക്കിയ ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്ന പദ്ധതിയിൽ മാത്രം (പ്രോജക്ട് നം-236/22-) ഉപകരണങ്ങൾ 6 വ്യത്യസ്ത തവണകളായാണ് വാങ്ങിയത്. ഇതേയിനം ഉപകരണങ്ങളും ഫർണ്ണീച്ചറുകളും ഇതേ വർഷം മറ്റ് പദ്ധതികൾ വഴിയും വാങ്ങിയിട്ടുണ്ട്. ഫാർമസിയിലേക്ക് ഫ്രിഡ്ജ്, എയർകണ്ടീഷണർ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങുന്നതിന് തയ്യാറാക്കിയ ക്വട്ടേഷൻ നോട്ടീസ് (നം-53/2022 Dtd 05/03/2022) പ്രകാരം ഈ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനോ വകയിരുത്തിയ തുകയോ ആവശ്യമായ വിവരങ്ങളോ നൽകിയിരുന്നില്ല. ഫ്രിഡ്ജ്, എയർകണ്ടീഷണർ, വാട്ടർ പ്യൂരിഫയർ എന്നീയിനങ്ങളിലെല്ലാം വ്യത്യസ്തമായ ഗുണനിലവാരത്തിലും വില നിലവാരത്തിലുമുള്ള ഉത്പന്നങ്ങൾ വിവിധ ബ്രാൻഡുകളിൽ ലഭ്യമായിരിക്കെ താരതമ്യം ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങൾ പോലുമില്ലാതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങി. ഉത്പന്നത്തിന്റെ ഗുണമേന്മയോ ഊർജ്ജക്ഷമതയോ ഉറപ്പാക്കാനുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല. ഈ പദ്ധതിയിലെ എല്ലാ വാങ്ങലുകളും ലിമിറ്റഡ് ടെണ്ടർ വഴി നടത്തേണ്ടിയിരുന്നുവെങ്കിലും എല്ലാം ക്വട്ടേഷൻ വഴിയാണ് വാങ്ങിയത്.

5. ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകരിക്കേണ്ടത്. ഈ പദ്ധതികളുടെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ /ടെണ്ടറുകൾ എന്നിവ കമ്മിറ്റി പരിശോധിച്ചതിന്റെയോ ഏതെങ്കിലും ഉത്പന്നം വാങ്ങാൻ ശുപാർശ നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ ക്വട്ടേഷനുകളുടെ വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തത് എന്തുകൊണ്ട് എന്ന കാര്യവും വ്യക്തമാക്കിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-15/10-01-2023) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. സാധനങ്ങൾ വാങ്ങുന്നതിൽ സുതാര്യത ഉറപ്പാക്കേണ്ടതും സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗരേഖക്കും വിധേയമായി, നടപടിക്രമങ്ങൾ പാലിച്ച് മാത്രം വാങ്ങുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-21 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 21/2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി. മണീട് |
| അടങ്കൽ | 5,50,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 5,50,000/-രൂപ<br>1) ബിൽ നം.21120300000006977 Dtd 11/11/2021 Rs.3,00,000/- |

| | |
|---|---|
| | 2) ബിൽ നം. 211203000000010809 Dtd 04/03/2021 Rs.2,50,000/- |

മണീട് കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2021-22 ലെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും വകയിരുത്തിയ 5,50,000/- രൂപ കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് | തിയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|---|---|
| 21/2022 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | PRF-1527 | 06/08/2021 | Rs.3,00,000/- | Rs.3,00,000/- | 0 |
| | | PRF-5922 | 19/02/2022 | Rs.2,50,000/- | Rs.2,33,051/-- | Rs.16,949/- |
| | ആകെ | | | | | Rs.16,949 /- |

മുൻകൂർ നൽകിയിട്ടും നാളിതുവരെ ബാക്കി മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിലും കുടുംബാരോഗ്യകേന്ദ്രം കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ഇത് സംബന്ധിച്ച് എന്തെങ്കിലും കത്തിടപാടുകൾ നടത്തിയതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. ബാക്കിയുള്ള മരുന്ന് ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നുകളുടെ വില 16,949/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു (ഇത് സംബന്ധിച്ച് 10.01.2023ൽ 9ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല).

### 1-22 സംയുക്ത പദ്ധതികളുടെ വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, എഫ്.എച്ച് സി, മണീട് ഗ്രാമ പഞ്ചായത്ത്

മണീട് കുടുംബാരോഗ്യകേന്ദ്രം മുഖേന 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി എറണാകുളം ജില്ലാ പഞ്ചായത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. പദ്ധതി തുക മുൻകൂർ കൈമാറിയെങ്കിലും, ജില്ലാ പഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 46/22 | ഡയാലിസിസ് ചികിത്സാസഹായം-വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | വൗച്ചർ നം-2210176/2021-22 തീയതി-25/03/2022 | Rs.20,000/- |
| 203/22 | ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് -വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 211203000000010268 തീയതി. 21/02/2022 | Rs.20,000/ |
| | ആകെ | | | Rs.40,000/- |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-10/10-01-2023) നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമായിട്ടില്ല. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-23 മരുന്നുകൾ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ടിന്റെ നം/ വർഷം | 16/21-22 |
| അടങ്കൽ തുക / ഫണ്ട് | 2,00,000/- രൂപ. , മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

| | |
|---|---|
| ചെലവ് തുക/ ബിൽ നം തീയതി | 1) 1,00,000/- രൂപ. ബിൽ നം 83/തിയതി 25.9.2021<br>2) 1,00,000/- രൂപ. ബിൽ നം 332/തിയതി 9.3.2022 |

2021-22 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്റ്റിനായി 2,00,000/- രൂപ ചെലവഴിച്ചതിൽ 1,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു (ഇത് സംബന്ധിച്ച് 09.01.2023ൽ 2ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല).

## 1-24 തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയിട്ടില്ല.

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി 2021-22ൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ. 31/22 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പരീക്ഷ |
| അടങ്കൽ | 48,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 48,000/- |
| ബിൽ നം. | 412/24-3-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

ടി പ്രോജക്ട് പ്രകാരം പത്താം തരം തുല്യതാ പരീക്ഷക്ക് ഒരാൾക്ക് (രജിസ്ട്രേഷൻ ഫീസ് 100/- രൂപ, കോഴ്സ് ഫീസ് 1,750/- എന്നീ നിരക്കിൽ) 1,850/- രൂപാ വീതം 7 പേർക്ക് 12,950/- രൂപയും ഹയർ സെക്കൻഡറി ഒന്നാം വർഷ തുല്യത പരീക്ഷക്ക് ഒരാൾക്ക് (രജിസ്ട്രേഷൻ ഫീസ് 100/- രൂപ, അഡ്മിഷൻ ഫീസ് 200/- രൂപ , കോഴ്സ് ഫീസ് 2,200/- രൂപ എന്നീ നിരക്കിൽ) 2,500/- രൂപാ വീതം 10 പേർക്ക് 25,000/- രൂപയും ഒരാൾക്ക് 2,050/-യും (ബാക്കി പഠിതാവ് അടച്ചു) ഉൾപ്പെടെ 11 പേർക്ക് 27,050/- രൂപയും ഹയർ സെക്കൻഡറി രണ്ടാം വർഷം ഒരാൾക്ക് 2,000/- രൂപ വീതം 4 പേർക്ക് 8,000/- രൂപയും ഉൾപ്പെടെ 35,050/-യും ആകെ 48000/- (12950 + 35050) രൂപ സംസ്ഥാന സാക്ഷരതാ മിഷന് ഒടുക്കിയിട്ടുണ്ട്. സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത് ഉണ്ട്. പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ. 107/22 |
| പ്രോജക്ടിന്റെ പേര് | തുല്യതാ പരീക്ഷ |
| അടങ്കൽ | 48,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 48,000/- |
| ബിൽ നം. | 216/22-1-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

2020-21 ലെ സ്പിൽ ഓവർ പ്രോജക്ടാണിത്. ടി പ്രോജക്ട് പ്രകാരം പത്താം തരം തുല്യതാ പരീക്ഷക്ക് ഒരാൾക്ക് (രജിസ്ട്രേഷൻ ഫീസ് 100/-രൂപ, കോഴ്സ് ഫീസ് 1,750/- എന്നീ നിരക്കിൽ) 1,850/- രൂപാ വീതം 2 പേർക്ക് 3,700/-രൂപയും ഒരാൾക്ക് 1,700/- രൂപയും (ബാക്കി പഠിതാവ് അടച്ചു) ഉൾപ്പെടെ 5400/- രൂപയും ഹയർ സെക്കൻഡറി ഒന്നാം വർഷ തുല്യതാ പരീക്ഷക്ക് ഒരാൾക്ക് (രജിസ്ട്രേഷൻ ഫീസ് 100/- രൂപ, അഡ്മിഷൻ ഫീസ് 200/- രൂപ , കോഴ്സ് ഫീസ് 2,200/- രൂപ എന്നീ നിരക്കിൽ ) 2500/- രൂപാ വീതം 10 പേർക്ക് 25,000/- രൂപയും ഹയർ സെക്കൻഡറി രണ്ടാം വർഷം ഒരാൾക്ക് 2,200/- രൂപ വീതം 8 പേർക്ക് 17,600/- രൂപയും ഉൾപ്പെടെ ആകെ 48000/- രൂപ (5,400 + 25,000 + 17,600) സംസ്ഥാന സാക്ഷരതാ മിഷന് ഒടുക്കിയിട്ടുണ്ട്. സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത് ഇല്ല. പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ, പരീക്ഷ എഴുതിയതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തേക്ക് രജിസ്ട്രേഷൻ നടത്തിയ ബാച്ചിനുള്ള തുകയാണ് ക്രമ നം. 2 പ്രകാരമുള്ള പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്. ഇവർക്കായി 2020-21ലും തുക ഒടുക്കിയിട്ടുണ്ടോ എന്നും അറിയിച്ചിട്ടില്ല. സാക്ഷരതാ മിഷൻ തുക കൈപ്പറ്റിയതിന്റെ രസീത്, മുകളിൽ പറഞ്ഞിട്ടുള്ള മറ്റു രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കായിട്ടില്ല. ഈ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/10-1-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 96,000/-രൂപ (48,000 + 48,000) തടസ്സപ്പെടുത്തുന്നു.

## 1-25 അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി – ബാധകമല്ലാത്ത ജി.എസ്.ടി. നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാര വിതരണം |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 4/21-22 |
| അടങ്കൽ | 14,09,321/- ( 809321 + 600000)<br>വികസന ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 14,09,321/- |
| ബിൽ നം. , Ch No. /തീയതി,തുക | 33/20.07.21 – ₹2,01,023/-<br>34/20.07.21 - ₹3,50,344/-<br>86/26.09.21 – ₹48,633/-<br>162/31.12.21 – ₹1,81,000/-<br>438/27.03.22 – ₹28,321/-<br>502706/11.10.21 – ₹97,045/-<br>55773/09.12.21 – ₹56,545/-<br>557744/09.12.21 - ₹2,28,865/-<br>434750/30.03.22 - ₹59,767/-<br>434751/30.03.22 - ₹1,57,778/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് മൂദ്ദല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് ( E. Kadathy Muvattupuzha). കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(II) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി. ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ മണീട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന് 5 % ജി.എസ്.ടി. ഈടാക്കിയതായി കാണുന്നു. വിശദവിവരം ചേർക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം.തീയതി | തുക | ജി.എസ്.ടി. |
|---|---|---|---|
| 1 | 1834/184/ 09.03.21 | 52969 | 2488 |
| 2 | 1840/190/09.03.21 | 15800 | 752 |
| 3 | 1849/199/07.04.21 | 51852 | 2436 |
| 4 | 1850/200/1704.21 | 17594 | 836 |
| 5 | 1870/220/22.06.21 | 50958 | 2394 |
| 6 | 1871/221/22.06.21 | 11850 | 564 |
| 7 | 1904/254/06.09.21 | 16339 | 778 |
| 8 | 1881/231/19.07.21 | 56097 | 2634 |
| 9 | 1882/232/19.07.21 | 16697 | 794 |
| 10 | 1925/275/22.10.22 | 56545 | 2656 |
| 11 | 1926/276/22.10.21 | 16339 | 778 |
| 12 | 1946/296/29.11.21 | 16339 | 778 |
| 13 | 319/31.12.21 | 8079 | 384 |
| 14 | 1978/328/21.01.22 | 52746 | 2478 |
| 15 | 1979/329/21.02.22 | 13286 | 632 |
| 16 | 355/09.03.22 | 15440 | 734 |
| 17 | 354/09.03.22 | 53192 | 1249 |
| 18 | 1903/06.09.21 | 56545 | 2656 |
| 19 | 1945/295/29.22.21 | 56545 | 2656 |
| 20 | 1926/22.10.21 | 16339 | 778 |
| 21 | 1968/318/31.12.21 | 54980 | 2582 |

| | | | |
|---|---|---|---|
| | ആകെ | | 32,037/- |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി. നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാധകമല്ലാത്ത ജി.എസ്.ടി. തുക 32,037/- തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/ 10.01.2023) ലഭ്യമാക്കിയ മറുപടിയിൽ "മേൽ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യമാണെന്ന്" വനിത ശിശുവികസന ഡയറക്ടറുടെ 18.01.2021 ലെ ICDS B3/13-20-21 നമ്പർ കത്ത് പ്രകാരം പറയുന്നു. സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് ബാധകമല്ലാത്ത ജി.എസ്.ടി. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-26 'ഹരിത മിത്രം' സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക നൽകിയെങ്കിലും പ്രാഥമിക നടപടികൾ പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 239/2022 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1,42,900/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,42,900/- |

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'ഹരിതമിത്രം'-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സർവ്വീസ് ചാർജ്ജ്, എസ്.എം.എസ്. ചാർജ്ജ് എന്നിവയ്ക്ക് യഥാക്രമം 1,35,700/- രൂപ, 7,200/- രൂപ വീതം ആകെ 1,42,900/- രൂപ പദ്ധതി പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28/06/2021 ലെ ജി.ഒ (ആർ.ടി ) 1220/2021/LSGD ഉത്തരവ് പ്രകാരം അംഗീകരിച്ച സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ശുചിത്വമിഷൻ നൽകുന്ന ഹരിതമിത്രം സോഫ്റ്റ്‌വെയറിന്റെ കോൺഫിഗറേഷൻ, ആറുമാസകാലയളവിലേക്ക് ടെക്നിക്കൽ സപ്പോർട്ട്, ഹരിതകർമ്മസേനാംഗങ്ങൾക്കും മറ്റുള്ളവർക്കുമുള്ള പരിശീലനം എന്നിവയ്ക്കാണ് കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നത്. ഇതിനു പുറമേ 55,385 എസ്.എം.എസ്. സേവനങ്ങൾക്കുള്ള തുകയും കൂടിയാണ് മുൻകൂറായി നൽകിയത്. കെൽട്രോണുമായി 18/03/2022ൽ ഏർപ്പെട്ട കരാർ പ്രകാരം ഈ പദ്ധതി നടപ്പാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളും (കംപ്യൂട്ടർ, ക്യൂ.ആർ. കോഡ് പ്രിന്റിംഗ്, മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കൽ) മനുഷ്യവിഭവശേഷിയും (നോഡൽ ഓഫീസർ, ഹെൽത്ത് സ്റ്റാഫ്, ടെക്നിക്കൽ അസിസ്റ്റന്റ്സ്, ഹരിത കർമ്മസേന) ഡാറ്റയും (പദ്ധതി ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ, ഫോൺ നമ്പർ) ഗ്രാമപഞ്ചായത്ത് നൽകിയ ശേഷമാണ് പദ്ധതിയുടെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. ഈ നടപടികളൊന്നും പൂർത്തീകരിക്കാതെയാണ് ആറുമാസ കാലയളവിലേക്ക് ഹരിതമിത്രം എന്ന സോഫ്റ്റ്‌വെയറിന്റെ സർവ്വീസ് ചാർജ്ജ്, എസ്.എം.എസ്. സേവനങ്ങൾക്കുള്ള തുകയായ 1,42,900/- രൂപ കെൽട്രോണിന് മുൻകൂറായി നൽകിയത്. ഇക്കാര്യങ്ങളിലുള്ള വിശദീകരണവും പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/11.01.2023) പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ പുരോഗതിവിവരം അറിയിക്കേണ്ടതാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 215/21-22 | കുടിവെള്ള ടാങ്കുകൾ അറ്റകുറ്റപ്പണി | 2,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 286/16.2.22, തുക 2,50,000/- |
| 2 | 230/21-22 | പൊതു ടാപ്പുകളുടെ ഡിസ്മാന്റലിംഗ് | 1)256458/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2)163542/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 1)394/23.3.22, തുക 2,56,458/-<br>2)428/23.2.22, തുക 1,63,542/- |
| 3 | 11/21-22 | IKMന് തുക നല്കൽ | 1,06,000/-വികസന ഫണ്ട് | 1)201/17.1.22, തുക 21,230/-<br>2)284/16.2.22, തുക 31,000/-<br>3)91/1.10.21, തുക |

| | | | | |
|---|---|---|---|---|
| | | | | 53,770/- |
| | | ആകെ | 7,76,000/- | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ഡെപ്പോസിറ്റ് വർക്കിനായി നൽകിയ 7,76,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 06.01.2023ൽ ഒന്നാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ഏജൻസിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-28 ജലജീവൻ മിഷൻ :ഉപഭോക്തൃ വിഹിതം അധികം പിരിവു നടത്തി

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2022-23 ഓടു കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനും പ്രതിദിനം ആളോഹരി 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഫണ്ടിംഗ് രീതി താഴെ ചേർക്കുന്നു :-

| ആകെ | ഉപഭോക്തൃ വിഹിതം | കേന്ദ്ര വിഹിതം | ജലവിഭവ വകുപ്പ് | പഞ്ചായത്തിന്റെ വിഹിതം |
|---|---|---|---|---|
| 1520 (100%) | 152 (10%) | 684(45%) | 456(30%) | 228(15%) |

എന്നാൽ മണീട് ഗ്രാമപഞ്ചായത്തിൽ നിന്നും ജലജീവൻ മിഷൻ ഉപഭോക്തൃ വിഹിതം ഇനത്തിൽ 1582/- വീതം പിരിച്ചെടുത്തതായി 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ (320800101 ഹെഡിൽ ഗുണഭോക്തൃ വിഹിതം : തുക16,58,506/- ) ചേർത്തിട്ടുണ്ട്. ഇപ്രകാരം ഉത്തരവിനു വിരുദ്ധമായി ജലജീവൻ മിഷൻ ഉപഭോക്തൃ വിഹിതം അധികം (1582/- രൂപ നിരക്കിൽ, 15 ലക്ഷത്തോളം അധികം) സമാഹരിച്ചു. കൂടാതെ ചുവടെ ചേർക്കുന്ന വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1) ആകെ എത്ര ഗുണഭോക്താക്കളിൽ നിന്നും ഉപഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട് എന്ന വിശദാംശം.

2) ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം ഈ പ്രദേശങ്ങളിൽ മറ്റ് കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നതിന്റെ രേഖകൾ.

3) ജലജീവൻ മിഷൻ പദ്ധതിയ്ക്കായി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ടോ എന്നും ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കിയിട്ടില്ല.

ഉപഭോക്തൃ വിഹിതം അധികം പിരിവു നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടും മേൽ സൂചിപ്പിച്ച അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീ. 9.1.2023) മറുപടി ലഭ്യമാക്കിയില്ല. ജല ജീവൻ മിഷൻ ഉപഭോക്തൃവിഹിതം ഉത്തരവുകൾക്കനുസൃതമായി പിരിവ് നടത്തേണ്ടതാണ്. സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് കണക്കുകൾ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 റിവർ മാനേജ്മെന്റ് ഫണ്ട്

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ (Other Liabilities) 350300107 ഹെഡ്ഡിൽ (Govt. & Other Dues Payable – River Management Fund ഇനത്തിൽ) 21,23,406 /- കാണിച്ചിട്ടുണ്ട് . എറണാകുളം ജില്ലാ കളക്ടറുടെ 03.12.19 ലെ D3-6685/06 നം. നടപടിക്രമം പ്രകാരം River Management Fund (2014-15 മുതൽ 2018-19 വരെ) ഓഡിറ്റ് ചെയ്ത (കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും ചട്ടം 23) M/s SR Pai & Co. യുടെ 25.11.20 ലെ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന് River Management Fund ഇനത്തിൽ ഒടുക്കുവാനുള്ള തുകയായി 4,49,323 -/രൂപയാണ് കാണിച്ചിട്ടുള്ളത്. ഇത് മണൽ വാരൽ നടന്നിരുന്ന 2015-16 വർഷം വരെയുള്ള തുകയാണ് (2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം). 2015-16ന് ശേഷം പഞ്ചായത്തിൽ മണൽ വാരൽ നടന്നിട്ടില്ല . ഓഡിറ്റ് റിപ്പോർട്ടിലെയും വാർഷികധനകാര്യപത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണവും നിലവിൽ സർക്കാരിലേക്ക് ഒടുക്കുവാനുള്ള കൃത്യമായ തുകയുടെ വിവരങ്ങളും തുടർ നടപടികളും അറിയിക്കേണ്ടതിനായി ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക്(നം.3/9.1.23) മറുപടി ലഭ്യമാക്കിയില്ല. റിവർ മാനേജ്മെന്റ് ഫണ്ട് കുടിശിക സംബന്ധിച്ച വിശദാംശങ്ങളുടെ കൃത്യത ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 പൊതു ടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക

മണീട് ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനയിൽ (8.9.2021 ൽ) 317 ടാപ്പുകളിൽ 217 എണ്ണം പ്രവർത്തന ക്ഷമമല്ല എന്നും 44 എണ്ണം നിലനിർത്തേണ്ടതുള്ളു എന്നും കണ്ടെത്തിയിട്ടും നാളിതുവരെ 317 ടാപ്പുകൾക്കും വെള്ളക്കരം അടവാക്കിയിട്ടുണ്ട്. മാത്രമല്ല ഇക്കാലയളവിലും വെള്ളക്കരകുടിശ്ശികയും അടവാക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വിവിധ ഫണ്ടുകളിൽ നിന്നും ഈടാക്കിയ തുകകൾ കുറവുചെയ്യുകയോ, സംയുക്ത പരിശോധന നടത്തിയതിനു ശേഷം വെള്ളക്കരകുടിശ്ശിക ഒഴിവാക്കുന്നതിന്

നടപടി സ്വീകരിക്കുകയോ ചെയ്യാതിരുന്നതിനാൽ ഭീമമായ തുക (മാർച്ച് 2022ലെ ഡിമാന്റ് നോട്ടീസ് പ്രകാരം തുക 3,01,87,991/-രൂപ) വെള്ളക്കരകുടിശ്ശിക അടവാക്കുന്നതിന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഈ തുക ലയബിലിറ്റിയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(c) (1), 40(c)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇത്രയും കാലം ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനിവാര്യ ചെലവായ വെള്ളക്കരം യഥാസമയം അടക്കാതിരുന്നത് മൂലമാണ് ഈ ഇനത്തിൽ ഭീമമായ തുക ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ഉണ്ടായിട്ടുള്ളത്. പൊതു ടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരക്കേണ്ടതാണ്.

## 1-31 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്ത തുകകൾ

മണീട് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, മരണ റിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി പരിശോധിച്ചതിൽ മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഷൻ നടപടികൾ കൃത്യമായി നടപ്പിലാക്കി വരുന്നതായി കാണുകയുണ്ടായി. എങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ചേർക്കുന്നു.

വിതരണത്തിനായി ബാങ്കിനു കൈമാറിയ തുകകളിൽ ചിലത് (Direct To Home) ഗുണഭോക്താവ് മരണപ്പെട്ടതിനാൽ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവന സോഫ്റ്റ് വെയർ പ്രകാരം സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക് തിരിച്ചടവാക്കിയെങ്കിൽ വിവരം സ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. താഴെ കാണുന്ന ഉദാഹരണങ്ങളിലെ സ്റ്റാറ്റസ് പ്രകാരം തുക നിലവിലും ബാങ്കിന്റെ കൈവശത്തിലാണ്.

| ക്രമ നം. | പേര് | ആധാർ നം./ Pension ID | മരണപ്പെട്ട തീയതി/ സസ്പെന്റ് ചെയ്ത തീയതി | കൈമാറാൻ സാധിച്ചിട്ടില്ലാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | നന്ദിനി പരമേശ്വരൻ | 213516132652 | 06.12.21/10.01.22 | 3200.00 | വാർദ്ധക്യകാല പെൻഷൻ |
| 2 | കെ.സി. വർഗ്ഗീസ് | 106960200964 | 01.12.21/19.05.22 | 8000.00 | ---"--- |
| 3 | വർക്കി മാത്യു | 106960201103 | 08.12.20/20.02.21 | 2900.00 | വാർദ്ധക്യകാല പെൻഷൻ |
| 4 | മത്തായി ചാക്കോ | 106960100149 | 31.10.21/16.11.21 | 1600.00 | കർഷക തൊഴിലാളി പെൻഷൻ |
| 5 | കുഞ്ഞൻ | 106960100217 | 30.12.20/20.02.21 | 2900.00 | ---"--- |
| | ആകെ | | | 18600.00 | |

തുക തിരിച്ചടവാക്കിയെങ്കിൽ വിവരം സ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്.

മരണ രജിസ്ട്രേഷനുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന ആധാർ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്ന 2021-22 ലെ മരണറിപ്പോർട്ടുകൾക്കൊപ്പം ഇല്ലാത്തതിനാൽ പെൻഷൻ വിവരങ്ങൾ പരിശോധിക്കുവാൻ സാധിക്കുന്നില്ല (സേവന സോഫ്റ്റ് വെയർ പ്രകാരം തെരച്ചിൽ നടത്തിയാണ് പരിശോധിച്ചത്.) കേന്ദ്ര ഗവൺമെന്റ് സർക്കുലർ പ്രകാരം അപേക്ഷകൻ സ്വമേധയാ നൽകുന്ന ആധാർ വിവരങ്ങൾ സ്വീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ആധാർ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് പെൻഷൻ വിവരങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിന്റെ കൃത്യത മാത്രമാണ് ഓഡിറ്റ് പരിശോധിക്കുന്നത് എന്നതിനാൽ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങൾ വേർപെടുത്തി വയ്ക്കുന്നത് ഉചിതമല്ല.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/12.01.2023) ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ചടവാക്കിയെങ്കിൽ വിവരം സ്റ്റാറ്റസിൽ രേഖപ്പെടുത്തുന്നതിന് ബാങ്കിന് നിർദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
ആധാർ വിവരങ്ങൾ സൂക്ഷിക്കുന്നത് സംബന്ധിച്ച് നിർദേശങ്ങൾ ഇല്ലാതിരുന്നതിനാലാണ് ആധാർ വിവരങ്ങൾ വേർപെടുത്തി വയ്ക്കുന്നതെന്നും ഇനി മുതൽ ഇവ ഒരുമിച്ച് സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

## 1-32 കുടിവെള്ള വിതരണം

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കുടിവെള്ള വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | | |
|---|---|---|
| പ്രോജക്ടിന്റെ നം/ വർഷം | 10/21-22 | 205/21-22 |
| അടങ്കൽ തുക / ഫണ്ട് | ആകെ തുക - 472700/- രൂപ. , (വി.ഫ.)<br>(1)₹1,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>(2)₹2,47,700/-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>(3)₹1,25,000 തനത് ഫണ്ട് | ₹2,30,000/ ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 1) ₹1,00,000/- ബിൽ നം.35/തീ. 22.7.21<br>2) ₹2,47,700/- ബിൽ നം.185 /തീ.16.1.22<br>(3) ₹1,25,000/-തനത് ഫണ്ട് 502653/27.7.21 | ₹2,30,000/- ബിൽ നം449 തീ.30.3.2022 |

മണീട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ടാങ്കർ കുടിവെള്ള വിതരണം നടത്തുന്നതിന് നടപ്പാക്കിയ പ്രോജക്ടാണ് ഇത്. ഈ പ്രോജക്ടുകളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം /രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.25/13.1.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1) GPS ഘടിപ്പിച്ച ട്രിപ്പ് ഷീറ്റ് ഇല്ല.

2) സുതാര്യവും കാര്യക്ഷമവുമായി പദ്ധതി നടപ്പാക്കുന്നതിന് കുടിവെള്ള വിതരണം നടത്തുന്നത് സംബന്ധിച്ച് ബഹു. ജില്ലാ കളക്ടർക്ക് രണ്ടാഴ്ച കൂടുമ്പോൾ നല്കിയ റിപ്പോർട്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3) സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

4) ഈ പ്രദേശത്ത് മറ്റ് കുടിവെള്ളപദ്ധതികൾ നിലവിലുണ്ടോ എന്ന് പരിശോധിച്ചുറപ്പ് വരുത്തിയതിനു ശേഷമാണ് തുക നൽകേണ്ടത്. എന്നാൽ ഇത്തരം വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതി ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളതാണ്. കൂടാതെ മുൻ റിപ്പോർട്ടുകളിൽ കുടിവെള്ള വിതരണം സംബന്ധിച്ച അപാകതകൾ വ്യക്തമാക്കിയിട്ടുള്ളതുമാണ്. അപാകതകൾ പരിഹരിക്കാതെ തുടരുന്നതിനാൽ ഈയിനത്തിൽ ചെലവുചെയ്ത 7,02,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ഫയൽ ഹാജരാക്കിയില്ല, 68477/-രൂ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 243/21-22 |
| അടങ്കൽ തുക / ഫണ്ട് | ₹ 68,477/- , ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തീയതി | ₹ 68,477/- Bill No.470/22-23 Dt.31.3.2022 |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ സുലേഖയിൽ ഉൾപ്പെടാത്ത കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റിയ്ക്ക് നല്കിയ തുക 68,477/- രൂപ. സംബന്ധിച്ച ഫയൽ, അനുബന്ധ രേഖകൾ ഇവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി 13.1.2023ലെ 26ാം നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ഫയൽ ഹാജരാക്കിയില്ലാത്തിനാൽ ചെലവു തുക 68,477/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 കുന്നത്തുമറ്റം കോളനി കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 119/22 |
| പ്രോജക്ടിന്റെ പേര് | കുന്നത്തുമറ്റം കോളനി കുടിവെള്ള പദ്ധതി-പൂർത്തീകരണം |
| അടങ്കൽ | 10,00,000/- (4,90,000/- എസ്.സി.പി.ഫണ്ട്, 10,000/- തനത് ഫണ്ട്, 5,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം. |
| ചെലവ് | 256363/- |
| ബിൽ നം. | 74/3-9-21 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6ാം വാർഡിൽ ഏറ്റെടുത്തിരുന്ന പ്രോജക്ടാണിത്. എം.പി ഫണ്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടാണ്. ഇതിന്റെ പൂർത്തീകരണത്തിനായാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പമ്പ് ഹൗസ് പെയിന്റിങ്ങ്, സ്റ്റീൽ ലാഡർ, വെള്ളം ഡിസ്ട്രിബ്യൂഷൻ ചെയ്യുന്നതിനായി പൈപ്പ് സ്ഥാപിക്കൽ, കിണർ സ്ഥിതി ചെയ്യുന്ന കുളത്തിന് സംരക്ഷണ ഭിത്തി കെട്ടൽ, കുളത്തിന്റെ ആഴം കൂട്ടുന്നതിനായി മണ്ണ് മാറ്റൽ എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ബാക്കിയുള്ള വർക്കുകൾ കൂടി പ്രാവർത്തികമാക്കി കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് വാട്ടർ കണക്ഷൻ നല്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-35 മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും അപാകത കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) പി.ഡബ്ല്യൂ.ഡി. മാനുവൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(4) ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-36 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പകൽ പരിപാലനത്തിനും പുനരധിവാസ പരിശീലനങ്ങൾക്കുമായി സ്നേഹതീരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ മണീട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് കണ്ടെത്തിയ ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ.(എം.എസ്)നം. 144/2013/ത.സ്വ.ഭ.വ. തീ. 06.4.2013 പ്രകാരം പുറപ്പെടുവിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന മാർഗ്ഗരേഖയിലെ ക്രമ നമ്പർ-14 പ്രകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം ദേശീയ വികലാംഗജന നിയമം അനുസരിച്ചുള്ള രജിസ്ട്രേഷൻ സാമൂഹ്യ നീതി വകുപ്പിൽ നിന്നും വാങ്ങേണ്ടതാണ്. 16.3.2016 ൽ സ്ഥാപനത്തിന് സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ ലഭിച്ചു (സർട്ടിഫിക്കറ്റ് നമ്പർ-049/16, തീയതി 16.3.2016). 4 വർഷം ആയിരുന്നു സർട്ടിഫിക്കറ്റിന്റെ കാലാവധി. കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

2) മാർഗരേഖയിലെ ക്രമ നമ്പർ 15 പ്രകാരം, റീഹാബിലിറ്റേഷൻ വർക്കർ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം നേടിയിട്ടില്ലെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ നേടേണ്ടതാണ്. മണീട് ബി.ആർ.സി.യിലെ വർക്കർ ശ്രീമതി ജിസ് ബി. ബേബിക്ക് നിശ്ചിത യോഗ്യതയില്ലാത്തതിനാൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ പ്രവർത്തിച്ചു വരുന്നതും 2 വർഷത്തിലേറെ പ്രവൃത്തി പരിചയമുള്ളവരുമായ നിശ്ചിത യോഗ്യതയില്ലാത്ത അദ്ധ്യാപകരെ മതിയായ കാരണം കൂടാതെ ജോലിയിൽ നിന്നു മാറ്റി നിർത്താൻ സാധിക്കില്ലെന്ന് 07.02.18ലെ ജി.ഒ.(എം.എസ്) 20/2018/എൽ.എസ്.ജി.ഡി. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സ്പെഷ്യൽ എജ്യൂക്കേഷനിൽ ഡി.എഡ്. യോഗ്യതയുള്ള അദ്ധ്യാപികയുടെ സേവനം മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു പോരായ്മയാണ്.

3) 06.4.2013ലെ മാർഗരേഖ പ്രകാരം, സ്ഥാപനത്തിൽ ബി.ആർ.സി. വികസന മാനേജ്മെന്റ് സമിതി രൂപീകരിച്ച് 1955ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട് (നം.EKM/TC/467/2017, തീയതി 21.7.2017). എന്നാൽ മാനേജ്മെന്റ് സമിതിയുടെ വാർഷിക കണക്കുകൾ സംഘത്തിൽ നൽകി വർഷം തോറും രജിസ്ട്രേഷൻ പുതുക്കി ലഭ്യമാക്കിയിട്ടില്ല.

4) 2020-21വർഷം കുട്ടികളെ വീടുകളിൽ നിന്നും ബി.ആർ.സി.യിൽ എത്തിക്കാനും തിരിച്ചു കൊണ്ടുപോകാനും പ്രതിദിനം നിരക്കിൽ ക്വട്ടേഷൻ മുഖേന വാഹനം ഏർപ്പെടുത്തിയ ക്വട്ടേഷനിൽ മാസവാടകയായി കുറവു തുക രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ ഉണ്ടെങ്കിലും പ്രതിദിന നിരക്കിൽ വാഹനം

ഏർപ്പെടുത്തുന്നതിനുള്ള സാധ്യത സംബന്ധിച്ച് കൂടിയാലോചന നടത്തിയതായി ഫയലിൽ ഇല്ല.

സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാഹനം ഏർപ്പെടുത്തുന്ന നടപടിക്രമങ്ങൾ സുതാര്യമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-37 അസെറ്റ് മാനേജ്മെന്റ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 820000 | സമഗ്രനെൽകൃഷിവികസനം | 820000 | 0 |
| | | 32910 (330495-മുന്നിരിപ്പ്) | ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ | 0 | 363405 |
| | | 611500(മുന്നിരിപ്പ്) | റവന്യൂ എക്സ്പെന്റിച്ചർ | 0 | 611500 |
| | | 1020(മുന്നിരിപ്പ്) | റവന്യൂ എക്സ്പെന്റിച്ചർ | 0 | 1020 |
| | | 400000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 400000 | 0 |
| | | (1)40000 (2)704452 | LIFE ഭവന പദ്ധതി (SC) | (1)40000 (2)704452 | 0 |
| | | 50000 | ആശ്രയ ടോയ്ലറ്റ് | 50000 | 0 |
| | | (1)450000 (2)53200 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | (1)450000 (2)53200 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 2550562 + 975925 (മുന്നിരിപ്പ്) | | 2550562 | 975925 (മുൻവർഷം ലഭിച്ച തുക ചെലവഴിക്കാൻ അവശേഷിക്കുന്നത്) |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 489682 | FHHCനവീകരണം | 489682 | 0 |
| | | 2683900(മുന്നിരിപ്പ്) | റവന്യു എക്സ്പെൻറിച്ചർ | 0 | 2683900 |
| | | 931256 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 931256 | 0 |
| | | (1)160000<br>(2)1130,000 | LIFE ഭവന പദ്ധതി (SC) | (1)160000<br>(2)1130,000 | |
| | | 33087 | Booth Arrangement | 33087 | |
| | | 250000 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | | 2994025 + 2683900 | | 2994025 | 2683900 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45647 | മുക്കടതാഴം കൾവർട്ട് | 0 | 45647 |
| | 2019-20 | 97231 | വെടിത്തറ-ചെരിക്കൻകുഴി (SO) | 0 | 97231 |
| | 2019-20 | 500000 | കൊളങ്ങരപ്പടി കൾവർട്ട് | 419344 | 80656 |
| | | | ആകെ | | 223534 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ വലിക്കൽ നെച്ചൂർ -എടത്താഴം റോഡ്. 245/21-22 | 445/27.3.022 | 100000 | 60503 | 39497 (തിരികെ ലഭിച്ചു) |
| KWA | കുടിവെള്ള ടാങ്കുകൾ അറ്റകുറ്റപ്പണി | 286/16.2.22, | 2,50,000 | 0 | UC ലഭിച്ചില്ല |
| KWA | പൊതു ടാപ്പുകളുടെ ഡിസ്മാന്റലിംഗ് | 1)394/23.3.22, തുക256458/-<br>2)428/23.2.22, 163542/- | 4,20,000 | 0 | UC ലഭിച്ചില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | യിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 54,22,329.00 | 38,38,330.00 | 792000 | 0 | 3046330.00 |

തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത തുക

4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 0.00 |
| ആകെ | 1,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000.00 |

.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 88759/7.4.2022 | 50,000.00 |
| 2 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 86586/26.1.2022 | 50,000.00 |
| | ആകെ | | 1,00,000.00 |

സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,61,47,658.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,73,66,319.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2028726 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| 1-18 | 225000 | ശ്രീമതി ലിൻഡ ഡിക്രൂസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , മണീട് |
| 1-19 | 3600 | ശ്രീമതി ലിൻഡ ഡിക്രൂസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , മണീട് |
| 1-21 | 16949 | ശ്രീ വിപിൻ മോഹൻ റ്റി.എം.മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി മണീട് |
| 1-22 | 40000 | ശ്രീ വിപിൻ മോഹൻ റ്റി.എം.മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി മണീട് |
| 1-23 | 100,000 | ശ്രീമതി ബിന്ദു.ബി.പണിക്കർ,മെഡിക്കൽ ഓഫീസർ ,ഹോമിയോ . |
| 1-24 | 96000 | ശ്രീ.ബേബി കെ.സി., ഹെഡ്മാസ്റ്റർ |
| 1-27 | 776000 | ശ്രീമതി സീജ ജോസഫ് ,സെക്രട്ടറി ,മണീട് ഗ്രാമപഞ്ചായത്ത് |
| 1-32 | 702700 | ശ്രീമതി സീജ ജോസഫ് ,സെക്രട്ടറി ,മണീട് ഗ്രാമപഞ്ചായത്ത് |
| 1-33 | 68477 | ശ്രീമതി സീജ ജോസഫ് ,സെക്രട്ടറി ,മണീട് ഗ്രാമപഞ്ചായത്ത് |
| ആകെ | 2028726 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിപിൻ മോഹൻ ടി.എം.<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി മണീട്. | ശ്രീവത്സം, മാമ്പുഴ, കുഴയറ്റിക്കര പി.ഒ. |
| ശ്രീമതിബിന്ദു ബി. പണിക്കർ,<br>മെഡിക്കൽ ഓഫീസർ , | ഗവ.ഹോമിയോ ഡിസ്പെൻസറി.മണീട് | മാധവം, മരട് പി.ഒ. |
| ശ്രീ ബേബി.കെ.സി.,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, LPS ,ഏഴക്കരനാട് | കുറുങ്ങാട്ടിൽ,<br>ഏഴക്കരനാട് പി.ഒ |
| ശ്രീമതി സീജാ ജോസഫ് | സെക്രട്ടറി | പുന്നയ്ക്കൽ വീട് , ബിന്നി റോഡ്,<br>പള്ളുരുത്തി പി.ഒ, കൊച്ചി-6 |
| ശ്രീമതി ലിൻഡ ഡിക്രൂസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പുളിക്കൽ പറമ്പിൽ,<br>മുണ്ടംവേലി (പി.ഒ.), കൊച്ചി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(I)/22 തീ.13.12.2022 | 5 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IV)/22 തീ.13.12.2022 | 2 |
| 1998-99 (വരവ്) | എൽ.എഫ്.ഇ.(പി1) 1741/07 തീ.15.05.2009 | 1 |
| 1998-99 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(V)/22 തീ.13.12.2022 | 6 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ.(പി1) 1740/07 തീ.02.05.2009 | 1 |

| | | |
|---|---|---|
| 1999-2000 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VI)/22 തീ.13.12.2022 | 1 |
| 2000-01 (വരവ്) | എൽ.എഫ്.ഇ. (പി1)1739/07 തീ. 17.09.09 | 6 |
| 2000-01 (പദ്ധതി) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VII)/22 തീ.13.12.2022 | 10 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VIII)/22 തീ.13.12.2022 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IX)/22 തീ.13.12.2022 | 12 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/I/ 2018/14.9.2018 | 2 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/II/ 2018/14.9.2018 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/III/ 2018/14.9.2018 | 2 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/IV/ 2018/14.9.2018 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/V/ 2018/14.9.2018 | 5 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VI/ 2018/14.9.2018 | 7 |
| 2011-12& 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VII/ 2018/14.9.2018 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VIII/ 2018/14.9.2018 | 3 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2266/18 /7.5.2019 | 6 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1071/2020 /14.12.2020 | 3 |
| 2017-18 | -ടി- | 13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1860/21 തീ 16.10.2021 | 3 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.6) 485/2021 / 15.12.2021 | 12 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.6) 927/2022 / 11.08.2022 | 20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്